ശ്രീ. ഷമീർഖാൻ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ശ്രീ. എം. എസ്. സമഗ്രനെ സ്ഥലം മാറ്റി നിയമിക്കുകയും ദിവസ വേതന ജീവനക്കാരനായ ശ്രീ. ശിവകുമാർ, ശ്രീ. വൈശാഖ് എ. എന്നിവരെ ജോലിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

## സഹകരണ മേഖലയുടെ സമഗ്ര വികസനം

**97 (442)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത് ; ഏതെല്ലാം ഇനത്തിൽ എത്ര തുക ചെലവഴിച്ചു ; ഇനി ചെലവഴിക്കപ്പെടാനുള്ള തുക എത്ര ; വിശദമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ വികസനത്തിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി എത്ര തുക 2012-13,2013-14, 2014-15 വർഷങ്ങളിൽ ചെലവഴിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8799.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 3500.00 ലക്ഷം രൂപയും എൻ.ആർ.സി. (എൽ.റ്റി.ഒ) പദ്ധതിയിനത്തിൽ 3000 രൂപയും ഉൾപ്പെടെ 12299.03 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ചുവടെ ചേർക്കുംവിധം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

| പദ്ധതി | (തുക ലക്ഷത്തിൽ) തുക | ചെലവ് | ബാക്കി |
|---|---|---|---|
| സംസ്ഥാന പദ്ധതി (എസ്.ഡി.ജി. മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ) | 19438.90 | 17554.07 | 1884.83 |
| എൻ.ആർ.സി.(എൽ.റ്റി.ഒ) | 0.03 | ... | 0.03 |
| എൻ.സി.ഡി.സി. പദ്ധതി (എസ്.ഡി. ജി. മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ) | 8000 | 7452.15 | 547.85 |

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8999.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 4500.00 ലക്ഷം രൂപയും ഉൾപ്പെടെ 13499 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡറേഷന് 2012-13 സാമ്പത്തിക വർഷത്തിൽ 69.50 കോടി രൂപയും 2013-14-ൽ 80 കോടി രൂപയും 2014-15-ൽ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെകീഴിൽ നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നത്.

**സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ**

**98 (443)** ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly